## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.647** **29.10.2019-ൽ മറുപടിക്ക്**

### വൈദ്യുത ഫിലമെന്റ് രഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തെ വൈദ്യുത ഫിലമെന്റ് രഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാ ക്കാമോ; | (എ) | കേരളത്തെ ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്നതിനായി സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ഫിലമെന്റ് രഹിത കേരളം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററും കെഎസ്ഇബിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈൻ പ്രകാരം രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുകയും അപ്രകാരം ഏതാണ്ട് 1.07 കോടി എൽ.ഇ.ഡി ബൾബുകളുടെ ആവശ്യകതയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതിനായി 1 കോടി എൽ ഇ ഡി ബൾബുകൾ വാങ്ങുവാനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>കാസറഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി ബഹു. മുഖ്യമന്ത്രി 2018 ഏപ്രിൽ 12 ന് പ്രഖ്യാപിച്ചു. ഇ.എം.സി യും പീലിക്കോട് ഗ്രാമപഞ്ചായത്തും ചേർന്നു നടത്തിയ പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പിലാക്കിയത്. ഇ.എം.സി യിൽ നിന്നു 50 രൂപ നിരക്കിൽ 16,500 എൽ.ഇ.ഡി ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി 20,000 ബൾബുകളും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ ബൾബുകൾ നൽകുന്നുണ്ടോ; | (ബി) | ഈ പദ്ധതിപ്രകാരം സബ്സിഡി നൽകി ബൾബുകൾ വിതരണം ചെയ്യുന്നില്ല. എന്നാൽ മത്സരാധിഷ്ഠിത ടെൻഡറിൽ കൂടി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ ബൾബുകൾ വിതരണം ചെയ്യുന്നതാണ്. |
| (സി) | പദ്ധതിയുടെ അന്തിമ രൂപരേഖ ലഭ്യമാക്കാമോ; എന്ന് മുതൽ നടപ്പിലാക്കാമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (സി) | ഉപഭോക്താക്കളുടെ രജിസ്ട്രേഷനു ശേഷം ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ അന്തിമ രൂപം തയ്യാറാക്കുകയുള്ളൂ. ടെൻഡർ നടപടികൾ വേഗം പൂർത്തിയാക്കി ഈ സാമ്പത്തികവർഷം (2019-20) തന്നെ ബൾബുകളുടെ ആദ്യഘട്ട വിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ